**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2730** **13-02-2024 - ൽ മറുപടിയ്ക്ക്**

**ചെങ്കൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കണ്ണൂർ, കാസർഗോഡ് പ്രദേശങ്ങളിലെ ചെങ്കൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതിനുമായി വകുപ്പുതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 31.03.2023 ലെ കെ.എം.എം.സി & കെ.എം.പി.ഐ.എം.എസ് ആൻഡ് റ്റി ചട്ടഭേദഗതി നിലവിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ചെങ്കൽ ഖനന മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26.04. 2023 ന് ചേർന്ന യോഗ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ ചെങ്കൽ ഖനന മേഖലയിലെ വിഷയങ്ങൾ പരിശോധിക്കാൻ കേരള സംസ്ഥാന ചെങ്കൽ ഉത്പാദക മേഖലയിൽ നിന്നുള്ള അംഗങ്ങളും, മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരുമടങ്ങുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതി റിപ്പോർട്ട് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | പ്രസ്തുത സമിതി 13.06.2023, 07.10.2023 എന്നീ തീയതികളിൽ കണ്ണൂരിൽ വച്ച് നടത്തിയ മീറ്റിംഗിന്റെ തീരുമാനപ്രകാരമുള്ള റിപ്പോർട്ട് മൈനിംഗ് & ജിയോളജി ഡയറക്ടർ 21.11.2023 തിയതിയിൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. 07.10.2023 തീയതിയിലെ യോഗതീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത് സംബന്ധിച്ച് വ്യവസായ വകുപ്പിലുള്ള എ3/61/2023 ഫയലിൽ എന്ത് തീരുമാനമാണ് കൈകൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | യോഗതീരുമാനങ്ങളിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ വ്യക്തമായ ശുപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**ബഹു. മൈനിങ് ആൻഡ് ജിയോളജി ഡയറക്ടറുടെ 24.08.2023 തീയതിയിലെ 343/2023-2024/ഡിഎംജി/1411/2023-എം5 നമ്പർ നടപടിക്രമങ്ങൾ പ്രകാരം ചെങ്കൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ രൂപീകരിച്ച കമ്മറ്റി 07.10.2023ന് കണ്ണൂരിൽ വെച്ച് ചേർന്ന യോഗത്തിന്റെ മിനുട്സ്**

**ഹാജർ.**

1. ശ്രീ. എം.സി. കിഷോർ, ഡെപ്യൂട്ടി ഡയറക്ടർ
2. ശ്രീ. കെ.പി. പവിത്രൻ, കണ്ണൂർ ബിൽഡിംഗ് മെറ്റീരിയൽസ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി, പാപ്പിനിശ്ശേരി
3. ശ്രീ. കെ.പി. ബാലകൃഷ്ണൻ, കണ്ണൂർ ജില്ലാ ചെങ്കല്ല് തൊഴിലാളി യൂണിയൻ
4. ശ്രീ. സി. അശോക് കുമാർ, കണ്ണൂർ കല്ല് കൊത്ത് തൊഴിലാളി ക്ഷേമസഹകരണ സംഘം
5. ശ്രീ. മണികണ്ഠൻ. കെ, കേരള സംസ്ഥാന ചെങ്കല്ല് ഉൽപ്പാദക ഉടമസ്ഥ ക്ഷേമ സംഘം
6. ശ്രീ. അബ്ദു. ഇ.കെ., കേരള സംസ്ഥാന ചെങ്കല്ല് ഉൽപ്പാദക ഉടമസ്ഥ ക്ഷേമ സംഘം.
7. ശ്രീ. ജഗദീശൻ. കെ.ആർ, ജിയോളജിസ്റ്റ്, കണ്ണൂർ.
8. ഡോ. ബി. അജയ് കുമാർ, ജിയോളജിസ്റ്റ്, ഡയറക്ടറേറ്റ്
9. ശ്രീമതി. റീന നാരായണൻ. പി.കെ, ജിയോളജിസ്റ്റ്, മലപ്പുറം
10. ശ്രീമതി. വിജയ. കെ.കെ, ജിയോളജിസ്റ്റ്, കാസർഗോഡ്.

യോഗം രാവിലെ 10.30 മണിക്ക് ആരംഭിച്ചു. ബഹു. ഡയറക്ടറുടെ 05.06.2023ലെ 150/2023 - 2024/ഡിഎംജി/1411/2023 - എം5 നടപടിക്രമങ്ങൾ പ്രകാരം രൂപീകരിക്കപ്പെട്ട കമ്മറ്റി 13.06.2023ൽ കണ്ണൂരിൽ ചേർന്ന യോഗത്തിൽ പരിഗണനക്കായി വന്ന അജണ്ടകളും ടി കമ്മറ്റിയിലെ അംഗങ്ങളെ പുനർനിർണ്ണയിച്ചതുമൂലം പുതുതായി രൂപീകരിക്കപ്പെട്ട കമ്മറ്റിയിലെ അംഗങ്ങളുടെ അഭിപ്രായങ്ങളും സമാഹരിച്ചാണ് പരിഗണനാവിഷയങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്. കമ്മറ്റിയിൽ അംഗമായ ശ്രീ. എ. എം. യൂസഫ് എക്സ്. എംഎൽഎ 13.06.2023ൽ

നടന്ന യോഗത്തിൽ പങ്കെടുത്തിരുന്നുവെങ്കിലും **07.10.2023**നു നടന്ന യോഗത്തിൽ അനാരോഗ്യത്താൽ പങ്കെടുത്തില്ല. എന്നിരുന്നാലും അദ്ദേഹം പങ്കെടുത്ത യോഗത്തിൽ ഉന്നയിച്ച വിഷയങ്ങൾ **07.10.2023**ലെ യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. **2023**ലെ ചട്ട ഭേദഗതിയിലൂടെ ചെങ്കല്ല് മേഖലയെ ബാധിക്കുന്നതായി കാണപ്പെട്ട ടി വിഷയങ്ങൾ താഴെപ്പറയുന്ന വിധത്തിൽ പരിഗണിച്ചിട്ടുള്ളതാണ്.

1. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ചെങ്കല്ലിന് അനുമതി ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടു.

   എല്ലാവിധ ഖനനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ബഹു. സുപ്രീം കോടതി വിധിന്യായം ഉണ്ടായതോടെ വ്യാപകമായി പെർമിറ്റനുവദിക്കുന്നതിനു തടസ്സം നേരിട്ടു. പിന്നീട് ജില്ലാ തലത്തിൽ പാരിസ്ഥിതികാനുമതി അനുവദിക്കുന്നതിലേക്കു ജില്ലാ തലത്തിൽ കമ്മിറ്റി നിലവിൽ വന്നിരുന്നുവെങ്കിലും ബഹു. ദേശീയ ഹരിത ട്രിബുണൽ **2018**ൽ നൽകിയ നിർദേശത്തെ തുടർന്ന് ജില്ലാതല സമിതികളുടെ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. അതോടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുവാൻ സംസ്ഥാന തല അതോറിറ്റിയെ ആശ്രയിക്കേണ്ടി വന്നു. നിലവിൽ ഇതാണ് സ്ഥിതി എന്നും ആയതിനാൽ പെർമിറ്റിന്റെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു

2. സിആർപിഎസ് (കൺസോളിഡേറ്റഡ് പേയ്മെന്റ് സിസ്റ്റം) നിർത്തലാക്കിയത് ഖനനപ്രവർത്തി തുടർന്ന് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. റോയൽറ്റി റിവിഷന് മുൻപായി **10** ആർസ് സ്ഥലത്തിന് കൺസോളിഡേറ്റഡ് റോയൽറ്റിയായി **75000** രൂപ ഒടുക്കുവരുത്തേണ്ടുന്ന സാഹചര്യത്തിൽ നിലവിൽ കൺസോളിഡേറ്റഡ് പേയ്മെന്റ് മാറ്റിയ സാഹചര്യത്തിൽ ടി സ്ഥലത്ത് നിന്നും ശരാശരി **4** മീറ്റർ ആഴത്തിൽ ഖനനം നടത്തുവെങ്കിൽ **4000** ക്യൂബിക് മീറ്റർ കല്ല് ലഭ്യമാകുമെന്ന നിലയിൽ

അടക്കേണ്ടി വരുന്ന പുതുക്കിയ നിരകിലുള്ള റോയൽറ്റി **4,80,000** രൂപ ആണെന്നും അതിൽ തന്നെ **40%** വേസ്റ്റേജ് നിലനിർത്തിയാൽ തന്നെ **288000** രൂപ ഒടുക്കേണ്ടി വരും എന്നും ഒഫീഷ്യൽ അംഗങ്ങൾ അല്ലാത്തവർ കമ്മിറ്റിയെ അറിയിച്ചു. ഒരുസ്ഥലത്ത് നിന്നും ചെങ്കല്ല് എത്ര ലഭിക്കുമെന്ന് മുൻകൂട്ടി നിർണയിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും എല്ലാവിധ ആകൃതിയും നിലനിർത്തുന്ന കല്ലുകൾ മാത്രമേ ഉപയോഗയോഗ്യമുള്ളൂ എന്നും ചെങ്കല്ല് മേഖലയിലെ പ്രതിനിധികൾ യോഗത്തെ അറിയിച്ചു. മാത്രമല്ല ഭൂമിയുടെ ഉള്ളിലെ ചെറിയ വിള്ളലുകൾ പോലും കല്ല് പൊട്ടിപ്പോകുവാനുള്ള സാധ്യത ഉണ്ടാക്കും. അതുപോലെ ധാതു ഉൽപ്പാദനം എന്ന് പറയുന്നത് എല്ലായിടത്തും ഒരേപോലെയല്ല എന്നുമാത്രമല്ല ധാതു ലഭ്യത തന്നെ ഒരു ലൊക്കേഷനിൽ നിന്നും വിഭിന്നമായി തൊട്ടടുത്ത ലൊക്കേഷനിൽ കാണുവാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയില്ല. അതുപോലെ കരിങ്കല്ലിനു തുല്യമായി ഒരു ക്യൂബിക് മീറ്റർ ചെങ്കല്ല് **2.5**മെട്രിക് ടൺ ആണെന്നുള്ള കൺവെൻഷനൽ രീതി പുനഃപരിശോധിക്കണമെന്നും ചെങ്കല്ലിന്റെ ബൾക് ഡെൻസിറ്റി നിശ്ചയിക്കുകയും കൺസോളിഡേറ്റഡ് പേയ്മെന്റ് സിസ്റ്റം പുനസ്ഥാപിക്കണമെന്നും ചെങ്കൽ മേഖലയെ പ്രതിനിധാനം ചെയ്യുന്നവർ അഭ്യർത്ഥിച്ചു.

ടി വിഷയം ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം എന്നത് അശാസ്ത്രീയമായ ഒന്നാണ് എന്നുള്ളത് വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാകയാൽ അത് പുനഃസ്ഥാപിക്കുന്നത് സാധ്യമായ ഒന്നല്ല എന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഒരുസ്ഥലത്ത് നിന്നും ചെങ്കല്ല് എത്ര ലഭിക്കുമെന്ന് മുൻകൂട്ടി നിർണയിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും എല്ലാവിധ ആകൃതിയും നിലനിർത്തുന്ന കല്ലുകൾ മാത്രമേ ഉപയോഗയോഗ്യമുള്ളൂ എന്നുമുള്ള ചെങ്കല്ല് മേഖലയിലെ പ്രതിനിധികളുടെ നിരീക്ഷണത്തോട് യോഗം യോജിച്ചു. മാത്രമല്ല ഭൂമിയുടെ ഉള്ളിലെ ചെറിയ വിള്ളലുകൾ പോലും കല്ല് പൊട്ടിപ്പോകുവാനുള്ള സാധ്യത ഉണ്ടാക്കും.

അതുപോലെ ധാതു ഉൽപ്പാദനം എന്ന് പറയുന്നത് എല്ലായിടത്തും ഒരേപോലെയല്ല എന്നുമാത്രമല്ല ധാതു ലഭ്യത തന്നെ ഒരു ലൊക്കേഷനിൽ നിന്നും വിഭിന്നമായി തൊട്ടടുത്ത ലൊക്കേഷനിൽ കാണുവാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയില്ല എന്നതിനോടും യോഗം യോജിക്കുകയുണ്ടായി. തുടർന്ന് ചെങ്കല്ല് മേഖലയിലെ പ്രതിനിധികൾ മറ്റെല്ലാ റോയൽറ്റി നിരക്കും ഇരട്ടിയായി വർധിപ്പിച്ച പോലെ ഇപ്പോഴത്തെ സിആർപിഎസ് നിരക്ക് ഇരട്ടിയാകുമ്പോൾ **(1,50,000) 10** ആർസ് സ്ഥലത്തുനിന്നും ഖനനംചെയ്തെടുക്കാവുന്ന **(40%** വേസ്റ്റ് കുറവുചെയ്താൽ**)** ചെങ്കല്ലിനു ബൾക്ക് ഡെൻസിറ്റി കൂടി നിർണ്ണയിച്ചു നൽകിയാൽ ഏകദേശം ടണ്ണിന് **32** രൂപ എന്ന റോയൽറ്റി നിരക്ക് അനുവദിച്ചുതരണമെന്നു ചെങ്കല്ല് മേഖലയെ പ്രതിനിധീകരിച്ചുള്ള അംഗങ്ങൾ നിർദേശിച്ചു. കമ്മറ്റി ടി വിഷയം സമഗ്രമായി പരിഗണിച്ചു. ചെങ്കല്ല് മേഖലയിലെ പ്രധാനമായ പ്രതികൂല ഘടകങ്ങളും നിലവിൽ അവതരിപ്പിക്കപ്പെട്ട കാൽക്കുലേഷനും പരിഗണനാർഹമാണ് എന്നു കാണപ്പെട്ടതിനാൽ റോയൽറ്റി **32**രൂപയായി പുനർനിർണ്ണയിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുവാൻ യോഗം തീരുമാനിച്ചു.

3. ബൾക്ക് ഡെൻസിറ്റി കരിങ്കല്ലിന്റെ അതേ രൂപത്തിലാണ് ഉള്ളത്. അത് പരിശോധിച്ച് മാറ്റം വരുത്തേണ്ടതാണ്.

ബൾക്ക് ഡെൻസിറ്റി നിർണയിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം നടന്നു വരുന്നതുമാണെന്നും ലാറ്ററൈറ്റിന്റെ ബൾക്ക് ഡെൻസിറ്റി നിർണയിക്കുന്നതാണെന്നും ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു.

4. സിആർപിഎസ് പ്രകാരം മൈനിങ് പ്ലാൻ തയ്യാറാക്കുമ്പോൾ വർഷത്തിൽ എടുക്കുന്ന സ്ഥലത്തിന് **1, 2, 3, 4, 5** എന്ന രൂപത്തിൽ പ്ലാൻ തയ്യാറാക്കി, മൈനിങ് പ്ലാൻ അംഗീകരിച്ചു തരണമെന്നും മൈനിങ് പ്ലാനിലെ വെയ്സ്റ്റേജ് പലസ്ഥലത്തും **60** ശതമാനത്തിലും അധികമായതിനാൽ **60%** വെയ്സ്റ്റേജ്

വെച്ച് മൈനിങ് പ്ലാൻ തയ്യാറാക്കുവാൻ അനുവദിക്കണമെന്നും മേൽമണ്ണും പാറനിരപ്പാക്കുന്നതിനും വേണ്ടി **3** മീറ്റർ മേൽ ഭാഗത്തുനിന്നും വെയ്സ്റ്റേജായി കണക്കാക്കി ബാക്കി അളവ് കണക്കാക്കണമെന്നും ചെങ്കല്ല് പ്രതിനിധികൾ അഭ്യർത്ഥിച്ചു.

മേൽമണ്ണും പാറനിരപ്പാക്കുന്നതിനും വേണ്ടിയും അതുപോലെ ചെങ്കല്ല് ഖനനത്തിലും ചേർത്ത് **40%** വെയ്സ്റ്റേജ് വരെ ചില സ്ഥലങ്ങളിൽ അനുവദിക്കുന്നുണ്ട് എന്നതിനാലും വെയ്സ്റ്റേജിന്റെ അളവ് ഓരോ ലൊക്കേഷനിലും വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ അത്തരമൊരു കൃത്യമായ അളവ് ഫിക്സ് ചെയ്തു നൽകുവാൻ സാധിക്കുകയില്ലെന്നും നിലവിൽ എല്ലാ ഘടകങ്ങളും പരിഗണിച്ച് **40%** വരെയുള്ള വെയ്സ്റ്റേജ് നൽകുവാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യാമെന്നും യോഗം തീരുമാനിച്ചു.

5. ഫൈൻ ഈടാക്കുമ്പോൾ സിആർപിഎസ് തുകയുടെ ഇരട്ടിയായി കണക്കാക്കണമെന്നും കാരണം കല്ല് തീരെ കിട്ടാത്ത പണകൾക്കു ഭീമമായ തുകയാണ് ഇപ്പോൾ പെനാൽറ്റി നിശ്ചയിക്കുന്നതെന്നും (അങ്ങിനെ വന്നാൽ വളരെ അധികം ആളുകൾ കടക്കെണിയിൽ പെട്ട് ആത്മഹത്യക്കു വരെ കാരണമാകുമെന്നും) അത് ഈ പ്രവർത്തി നടത്തി കൊണ്ടുപോകാൻ പറ്റാത്ത അവസ്ഥ വരുന്നുവെന്നും ഫൈനിന്റെ കൂടെ വില കൂടി ഈടാക്കുന്ന രീതി മാറ്റിതരണമെന്നും ചെങ്കല്ല് മേഖലയിലെ പ്രതിനിധികൾ ആവശ്യപ്പെട്ടു.

അനധികൃത ഖനനം തീർത്തും ഇല്ലാതെയാക്കുവാനും മാക്സിമം ഖനാനുമതികൾ സമ്പാദിച്ചു മാത്രം ഖനനപ്രവർത്തനങ്ങളിൽ ഏർപ്പെടാവൂ എന്നും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ വ്യവസ്ഥചെയ്യുന്ന പെനാൽറ്റി മാത്രമേ ഈടാക്കുവാൻ വ്യവസ്ഥയുള്ളൂ എന്നും അതിൽ വ്യതിയാനം വരുത്തുവാൻ സാധിക്കുന്നതല്ല എന്നും ഡെപ്യൂട്ടി ഡയറക്ടർ കമ്മറ്റിയെ അറിയിച്ചു. റോയൽറ്റിയിൽ സർക്കാർ ഇളവ് വരുത്തുകയാണെങ്കിൽ പെനാൽറ്റി കുറയുമെന്ന് പ്രതീക്ഷിക്കാമെന്നു ഇക്കാര്യത്തിൽ യോഗം വിലയിരുത്തി.

6. കൃഷിഭൂമി ആക്കി മാറ്റുന്നതിന് വേണ്ടിയാണ് ചെങ്കല്ല് ഖനനം ചെയ്യേണ്ടി വരുന്നത് ആയതിനാൽ കൃഷിഭൂമി ആക്കി മാറ്റും എന്ന് അഫിഡാവിറ്റ് വാങ്ങി ബാങ്ക് ഗ്യാരന്റി ഒഴിവാക്കി തരണമെന്ന് ചെങ്കല്ല് മേഖലയെ പ്രതിനിനിധീകരിച്ചെത്തിയവർ ആവശ്യപ്പെടുകയുണ്ടായി.

ക്വാറിയിങ് പെർമിറ്റ് കരസ്ഥമാക്കുന്നവർ ഖനനാനുമതി ലഭിച്ചു ആദ്യ മൂവ്മെന്റ് പെർമിറ്റിന് അപേക്ഷിക്കുന്നതിനു മുൻപായി **2** ലക്ഷം രൂപയുടെ ഫിനാൻഷ്യൽ ഗ്യാരണ്ടീ ഹാജരാക്കണമെന്നുള്ള ചട്ടം **13** ലെ വ്യവസ്ഥ ഒഴിവാക്കുവാൻ സാധിക്കുന്നതല്ല എന്ന് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു. കൃത്യമായി മൈൻ ക്‌ളോഷർ പ്ലാൻ സമർപ്പിച്ചു വ്യവസ്ഥകൾ പൂർത്തിയാക്കുന്ന വ്യക്തികൾക്ക് പലിശയടക്കം ടി തുക തിരിച്ചു ലഭിക്കുന്നുവെന്നതിനാൽ ടി വ്യവസ്ഥ കൊണ്ട് അധിക ബാധ്യത അപേക്ഷകന് ഉണ്ടാകുന്നില്ലെന്നും പരിസ്ഥിതി സംരക്ഷണം മുൻനിർത്തി കൂടുതൽ പരിസ്ഥിതി സൗഹാർദമായ ഒരു ഖനനപ്രക്രിയ അവലംബിക്കുവാൻ ക്വാറിയിങ് പെർമിറ്റുടമ ജാഗ്രത പാലിക്കുമെന്നും ഔദ്യോഗിക അംഗങ്ങൾ നിരീക്ഷിച്ചു. എന്നാൽ ചെങ്കല്ല് ഖനനത്തിന് അനുമതി ലഭിച്ച സ്ഥലത്തിനെ ധാതുഖനനത്തിനു പര്യാപ്തമാക്കുന്നവിധത്തിൽ സ്ഥലം ഒരുക്കുന്നതിന് ലക്ഷങ്ങൾ മുടക്കു വരുന്നുണ്ടെന്നും അതിൽ തന്നെ ഖനനം ആരംഭിച്ചു കഴിഞ്ഞാൽ മാത്രം ധാതു ലഭ്യമാണോ എന്നുറപ്പു വരുത്താൻ സാധിക്കുന്ന ഒരേയൊരു മേഖല ആയതിനാലും ഫിനാൻഷ്യൽ ഗ്യാരണ്ടി **50,000/-** രൂപയാക്കി കുറവ് ചെയ്യുവാനുള്ള ചെങ്കല്ല് മേഖലയിലെ പ്രതിനിധികളുടെ അപേക്ഷ സർക്കാരിനെ അറിയിക്കുന്നതാണ് എന്ന് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

7. പെർമിറ്റിനുള്ള അപേക്ഷകൾ എത്രയും വേഗം പരിഗണിച്ച് തീർപ്പാക്കുവാനുള്ള സാഹചര്യം ഒരുക്കി തരണമെന്ന് ചെങ്കൽ മേഖലയുമായി

ബന്ധപ്പെട്ടുള്ള വ്യക്തികൾ കമ്മറ്റിയോട് അഭ്യർത്ഥിച്ചു.

നിലവിൽ ചെങ്കല്ല് ഖനനത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകല്പിക്കുവാൻ ജിയോളജിസ്റ്റുമാർക്കു നിർദേശം നൽകിയിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കാലതാമസം ജിയോളജി വകുപ്പിൽ നിന്നുമല്ല, പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ടതാണ് എന്ന് ചെങ്കല്ല് ഉൽപ്പാദക ഉടമസ്ഥ ക്ഷേമ സംഘത്തിന്റെ പ്രതിനിധികൾ അറിയിച്ചു.

8. അനധികൃത ചെങ്കല്ല് ഖനനത്തിനെതിരെ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള നോട്ടീസിന്മേൽ സർക്കാരിൽ നിന്നും അദാലത്ത് നടത്തി അനുഭാവപൂർവ്വമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചെങ്കൽ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വ്യക്തികൾ നിർദേശിച്ചു. സ്ക്വാഡിന്റെ പരിശോധനയിൽ ക്വാറി അളക്കുമ്പോൾ മുൻകാലങ്ങളിൽ വെട്ടിപ്പോയ ഭാഗം കൂടി ചേർത്ത് അളക്കുന്നത് മൂലം വലിയ ബാധ്യത വരുന്നു. കൂടാതെ വെയ്സ്റ്റേജ് കണക്കാക്കാതെ പിഴ ഈടാക്കുന്നത് വലിയ ബാധ്യതക്കിടയാക്കുന്നുവെന്നും ആയതിൽനിന്നുമാറി ഒരു പ്രായോഗിക മാർഗ്ഗം കണ്ടെത്തണമെന്നും ചെങ്കൽ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വ്യക്തികൾ അഭ്യർത്ഥിച്ചു. **2020** മുതൽ പെൻഡിംഗ് ആയി കിടക്കുന്ന ഫയലുകൾ (പരാതികൾ, നോട്ടീസ് കൊടുത്തതുൾപ്പെടെ) അദാലത്ത് വഴി തീർപ്പാക്കണമെന്നും ഖനനവിധേയമായ സ്ഥലത്തിന്റെ വിസ്തീർണ്ണം അടിസ്ഥാനമാക്കി പിഴ അടവാക്കുന്നതിന് തീരുമാനമുണ്ടാകണമെന്നും അദാലത്തിൽ പെനാൽറ്റി നിശ്ചയിക്കുമ്പോൾ **10** ആർസ് സ്ഥലത്തിന് പരമാവധി പെനാൽറ്റി തുക **2** ലക്ഷം രൂപയാക്കി നിജപ്പെടുത്തണമെന്നും ഡിമാന്റ് നോട്ടീസ് നൽകിയവർക്കും അപ്പീൽ സമർപ്പിച്ചവർക്കും അദാലത്തിൽ പങ്കെടുക്കാൻ അവസരം വേണമെന്നും അപ്രകാരം ഡിമാൻഡ് ചെയ്യുന്ന തുക ഗഡുക്കളായി ഒടുക്കുന്നതിനുള്ള അവസരം വേണമെന്നും ചെങ്കല്ല് മേഖലയെ പ്രതിനിധാനം ചെയ്യുന്ന വ്യക്തികൾ യോഗത്തിൽ അഭ്യർത്ഥിച്ചു.

അദാലത് സംബന്ധിച്ച തീരുമാനം സർക്കാർതലത്തിൽ കൈക്കൊള്ളേണ്ടതാണെന്നും ആയതു സംബന്ധിച്ച യോഗ തീരുമാനം സർക്കാരിനെ അറിയിക്കാമെന്നും ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു. അദാലത്ത് സംബന്ധിച്ച് സർക്കാർ തീരുമാനം ഉണ്ടാകുന്നപക്ഷം ഖനനശേഷം സ്ഥലം നികത്തി കൃഷി യോഗ്യമാക്കിയവർക്ക് മാത്രം അദാലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്താമെന്നു യോഗം തീരുമാനിച്ചു. **31.03.2023** ന് മുൻപ് ഖനനം ചെയ്ത കേസുകളിൽ മാത്രമേ അദാലത്ത് ബാധകമുള്ളൂ. ഡിമാൻഡ് നോട്ടീസ് ലഭിച്ചവർക്ക് അദാലത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നതാണെന്നും എന്നാൽ അപ്പീൽ അധികാരികളുടെയോ ബഹു. കോടതികളുടെയോ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നോ ബഹു. കോടതിയിൽ നിന്നോ നിർദേശം ലഭിക്കാതെ അദാലത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ലെന്നും ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു.

9. ചെങ്കല്ലിനു പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് വർഷങ്ങളോളം താമസമുണ്ടാകുന്നുവെന്നും ആയതുകൊണ്ട് പെർമിറ്റ് എടുത്ത് പ്രവർത്തിക്കുവാൻ പറ്റാത്ത സ്ഥിതിയാണുള്ളതെന്നും മിനിമം **60** ദിവസത്തിനുള്ളിൽ പാരിസ്ഥിതികാനുമതി ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും ചെങ്കൽ മേഖലയെ പ്രതിനിധീകരിച്ചത്തിയവർ യോഗത്തിൽ നിർദേശിച്ചു.

എസ്ഇഐഎഎ-യുടെ നടപടിക്രമങ്ങളിൽ ഓട്ടോണോമസ് സ്വഭാവമുള്ളതിനാൽ ആയതിൽ ഇടപെടുന്നതിന് പരിമിതി ഉള്ളതായി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. എസ്ഇഎസി/എസ്ഇഐഎഎ കമ്മറ്റികൾ മാസത്തിൽ രണ്ടുതവണ ചേരുവാനുള്ള രീതിയിൽ കാര്യങ്ങൾ നടപ്പിലാക്കേണ്ടതുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പാരിസ്ഥതികാനുമതിയുമായി ബന്ധപ്പെട്ടു സമർപ്പിച്ച അപേക്ഷകളുടെ

എണ്ണത്തിൽ ചെങ്കല്ല് ഉൽപ്പാദക ഉടമസ്ഥക്ഷേമ സംഘം അവതരിപ്പിക്കുന്ന എണ്ണവും എസ്ഇഐഎഎ നൽകുന്ന എണ്ണവും തമ്മിൽ വളരെയധികം അന്തരം ഉള്ളതായി ഉദ്യോഗസ്ഥ പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു. ചെങ്കല്ല് ഉൽപ്പാദക ഉടമസ്ഥക്ഷേമ സംഘം ഇരുനൂറിലേറെ അപേക്ഷകളിൽ തീർപ്പുകല്പിക്കുവാനുണ്ട് എന്നവകാശപ്പെടുമ്പോൾ എസ്ഇഐഎഎ കാസർഗോഡ് നടന്ന ബഹു. മുഖ്യമന്ത്രിയുടെയും ബഹു. മന്ത്രിമാരുടെയും മേഖലാഅവലോകന യോഗത്തിൽ അറിയിച്ചത് 36 അപേക്ഷകൾ മാത്രമാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു. ചെറിയ തെറ്റുകൾ പോലുമുള്ളവയെ ഡിഫെക്ടഡ് എന്ന് രേഖപ്പെടുത്തി മാറ്റി വെച്ചിട്ടുള്ളതായി ചെങ്കൽ മേഖലയുടെ പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു. പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുവാൻ യോഗം തീരുമാനിച്ചു

10. ചെങ്കല്ല് പെർമിറ്റിന് അനുമതി ലഭിക്കുന്നതിന് മുൻപായി സ്ഥലമുടമയുമായി എഗ്രിമെന്റ് രജിസ്റ്റർ ചെയ്യണമെന്നുള്ള കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഭേദഗതി പെർമിറ്റ് സമ്പാദിക്കുന്നതിനു ബുദ്ധിമുട്ടുണ്ടാക്കുന്നതായി ചെങ്കല്ല് മേഖലയെ പ്രതിനിധീകരിച്ചെത്തിയവർ യോഗത്തെ അറിയിച്ചു. ചെങ്കല്ല് ഖനനം വളരെകുറച്ച് മാസങ്ങൾ മാത്രമേ ഒരു സ്ഥലത്തുണ്ടാകൂ എന്നതിനാലും എഗ്രിമെന്റ് രജിസ്റ്റർ ഓഫീസിൽ വന്നു രജിസ്റ്റർ ചെയ്തു തരുവാൻ സ്ഥലമുടമകൾ വിമുഖത കാണിക്കുന്നതിനാലും നാളിതുവരെ സ്വീകരിച്ചിരുന്നപോലെ നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം രേഖയായി കണക്കാക്കണമെന്നു പ്രതിനിധികൾ അപേക്ഷിച്ചു.

ചട്ടഭേദഗതിയിലൂടെ മാറ്റം വരുത്തിയിട്ടുള്ള വ്യവസ്ഥകൾ മുൻചട്ടങ്ങളിലെ സാങ്കേതികമായ അപര്യാപ്തതയെ മറികടക്കുവാൻ വേണ്ടി ആണെന്നും അതിൽ മാറ്റം വരുത്തുന്നതിൽ വകുപ്പിന് വിയോജിപ്പാണുള്ളതെന്നും ഡെപ്യൂട്ടി ഡയറക്ടറും മറ്റു ഔദ്യോഗിക പ്രതിനിധികളും യോഗത്തെ അറിയിച്ചു. ഔദ്യോഗികപ്രതിനിധികളുടെ വിയോജിപ്പോടു കൂടി ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുവാൻ യോഗം തീരുമാനിച്ചു

11. ചെങ്കൽ മൂവ്മെന്റ് പെർമിറ്റുകൾക്കും പാസുകൾക്കും ഓൺലൈൻ സിസ്റ്റം നടപ്പിലാക്കുവാൻ പറ്റാത്ത കാര്യമാണെന്നും, ഒരു വർഷമോ ആറുമാസമോ ചെയ്യുന്ന പ്രവർത്തി ആയതിനാലും കമ്പ്യൂട്ടറും മറ്റുസംവിധാനങ്ങളും ഏർപ്പെടുത്തുവാൻ ടി പ്രവർത്തി വ്യാവസായികാടിസ്ഥാനത്തിൽ നടത്തിവരുന്ന ഒന്നല്ല എന്നതിനാലും നെറ്റ് ലഭിക്കുവാനുള്ള ബുദ്ധിമുട്ടുള്ളതിനാലും ഓൺലൈൻ സിസ്റ്റം ഒഴിവാക്കിത്തരണമെന്നു ചെങ്കൽ മേഖലയുടെ പ്രതിനിധികൾ അപേക്ഷിച്ചു

മലപ്പുറത്ത് ചെങ്കല്ല് ഖനനാനുമതിയുമായി ബന്ധപ്പെട്ട മൂവ്മെന്റ് പെർമിറ്റും പാസുകളും ഓൺലൈൻ ആയാണ് നടന്നുവരുന്നതെന്നും നിലവിൽ ഓൺലൈൻ സേവനം ലഭ്യമാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം ഓഫ്ലൈൻ അനുവദിച്ചാൽ മതിയെന്നും അതും ഓൺലൈൻ ഫെസിലിറ്റി ലഭ്യമല്ല എന്ന് ജിയോളജിസ്റ്റുമാർ ഉറപ്പു വരുത്തിയ ശേഷം മാത്രം ഓഫ്ലൈൻ പരിഗണിക്കാമെന്നും നവംബർ 30നകം എല്ലാവരും ഓൺലൈൻ ഫസിലിറ്റിയിലേക്ക് മാറണമെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

12. ഇതര കാര്യങ്ങൾ

കണ്ണൂർ ജില്ലയിൽ മുഴുവൻ അപേക്ഷകളും സ്ഥലപരിശോധന പൂർത്തിയാക്കിയെന്നും പാരിസ്ഥിതികാനുമതി കിട്ടിയ മുഴുവൻ പേരും പെർമ്മിറ്റ് എടുക്കുന്നില്ല എന്നും റോയൽറ്റി കുറയ്ക്കുമെന്ന് പ്രതീക്ഷിച്ചിരിക്കുന്നതായും കണ്ണൂർ ജിയോളജിസ്റ്റ് അറിയിച്ചു. പാരിസ്ഥിതികാനുമതി കിട്ടിയവർ എല്ലാവരും എത്രയും പെട്ടെന്ന് പെർമ്മിറ്റ് എടുക്കേണ്ടതാണെന്ന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് നിർദേശിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. സൊസൈറ്റികൾ റോയൽറ്റിക്ക് പുറമെ 5% ജി.എസ്.ററി കൂടി അടക്കുന്നുണ്ടെന്നും അനധികൃത ഖനനപ്രവർത്തനങ്ങൾ നിർത്തിയില്ലെങ്കിൽ സൊസൈറ്റികളുടെ

നിലനിൽപ്പിനെ ബാധിക്കുമെന്നും സൊസൈറ്റി പ്രതിനിധികൾ അറിയിച്ചു. ലെറ്റർ ഓഫ് ഇന്റന്റ് കിട്ടി പാരിസ്ഥിതികാനുമതി കിട്ടി വരുന്ന കേസുകളിൽ പുതിയ രേഖകൾ ആവശ്യപ്പെടുന്നത് ഒഴിവാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. രേഖകൾ കൃത്യമാക്കാതെ പെർമ്മിറ്റ് അനുവദിക്കാൻ നിർവാഹമില്ലെന്ന് കണ്ണൂർ ജിയോളജിസ്റ്റ് അറിയിച്ചു. റവന്യൂ ഭൂമിയിലെ അനധികൃത ഖനനം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുവാനും ടി വിഷയത്തിൽ കാര്യക്ഷമമായ ഇടപെടീൽ നടത്തുവാൻ റവന്യു വകുപ്പിനോടാവശ്യപ്പെടാനും യോഗം തീരുമാനിച്ചു. ഖനന സ്ഥല നികത്തി കൃഷി ഭൂമിയാക്കി മാറ്റുന്നതിൽ അസോസിയേഷന്റെ ഭാഗത്ത് നിന്നും പ്രത്യേക താത്പര്യം എടുക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ നിർദേശിച്ചു. തരിശ്ശായിക്കിടക്കുന്ന കാസർഗോഡ്, കണ്ണൂർ ഏരിയയിൽ കൃഷിയോഗ്യമാക്കി മാറ്റണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പതിച്ചുകൊടുത്ത ഭൂമിയിൽ ഖനനം അനുവദിക്കണമെന്നു ചെങ്കല്ല് ഉൽപ്പാദക ഉടമസ്ഥക്ഷേമ സംഘം പ്രതിനിധി യോഗത്തോട് അഭ്യർത്ഥിച്ചു. ടി വിഷയം സർക്കാർ തലത്തിൽ പരിഹരിക്കപ്പെടേണ്ടതാണെന്നും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താമെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

യോഗം **2.30**നു അവസാനിച്ചു.